# സ്നേഹത്തോടെ മലർവാടിക്ക്...



## മികച്ച കത്ത്

ഈ ലക്കത്തിലെ സമ്മാനാർഹമായ കത്ത് എഴുതിയത് **റുഹ്മ ഫാത്തിമ** ആണ്. കത്തെഴുതിയ കൂട്ടുകാർക്കെല്ലാം മലർവാടിയുടെ അഭിനന്ദനങ്ങൾ.

ഞാൻ ഏറെ കാലമായി മലർവാടി വായിക്കുന്നു. ജനുവരി 16 ലക്കത്തിലെ 'ടീച്ചറമ്മ' എന്ന കഥ എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഇന്നത്തെ യുവ സമൂഹം വയോവൃദ്ധരായ മാതാപിതാക്കളോട് കാണിക്കുന്ന ക്രൂരതയുടെ നേർച്ചിത്രമായ ഈ കഥ എന്നെ ഏറെ ഇരുത്തി ചിന്തിപ്പിച്ചു.

അതേ ലക്കത്തിലെ 'സോഫിയ എന്ന റോബോട്ട് സുന്ദരി'യും ഏറെ ഇഷ്ടപ്പെട്ടു. പട്ടാളം പൈലിയും പൂച്ചപ്പോലീസും കുഞ്ഞുമോനും ചിരി വൈദ്യനും എന്റെ ഇഷ്ട കഥകളാണ്.

വി.പി അജീബ ഷെറിൻ, ക്ലാസ് - 7
ജി.എം.യു.പി.സ്കൂൾ പൂനൂർ, കോഴിക്കോട്

പ്രിയ മലർവാടീ,

കളിയും തമാശയും അറിവിന്റെ ലോകവും തരുന്ന മലർവാടിയെ എനിക്ക് വളരെ ഇഷ്ടമാണ്. ചിരിവൈദ്യനും കുഞ്ഞുമോനും എനിക്ക് വളരെ ഇഷ്ടമാണ്. എല്ലാ പേജിലും കൊടുക്കുന്ന ഫൂട്ട്നോട്ടും എനിക്ക് വളരെ ഉപകാരപ്പെടുന്നുണ്ട്.

'വരക്കാൻ പഠിക്കാം' വായിച്ച് ഇപ്പോൾ ഞാൻ വരക്കാൻ ശ്രമിക്കുന്നുണ്ട്. മലർവാടിയിലെ 'മൺമറഞ്ഞ മഹാനഗരങ്ങൾ' എന്ന ലേഖനം ഏറെ ഉപകാരപ്പെട്ടു.

ദിൽറുബ കെ.കെ, ക്ലാസ്- 6
ചീക്കിലോട് യു.പി സ്കൂൾ

പ്രിയ മലർവാടീ,

ജനുവരി 16 ലക്കത്തിലെ മലർമൊഴി ഏറെ ചിന്താർഹമായിരുന്നു. വിശ്വകവികളിൽ പ്രമുഖനും സഹസ്രാബ്ദങ്ങൾക്ക് ശേഷവും മനുഷ്യമനസ്സുകളിൽ അനശ്വരനുമായ മിസ്റ്റിക് കവി ജലാലുദ്ദീൻ റൂമിയുടെ വരികൾ വളർന്നുവരുന്ന തലമുറക്ക് വെളിച്ചമേകുന്നു. സദ് വികാരങ്ങൾ വളർത്തുവാനും നമ്മുടെയുള്ളിലെ ദുഷ്ടമൃഗങ്ങളെ തുരത്തുവാനും നമുക്ക് ശ്രമിക്കാം.

അതേ ലക്കത്തിലെ അഷ്റഫ് കാവിലിന്റെ 'ചെരിപ്പ്' എന്ന കവിതയും വളരെ നന്നായിരുന്നു. എന്നും കൂടെ നടന്നിട്ടും അവസാനം അവഗണിക്കപ്പെടുന്നവന്റെ മനോവ്യഥകൾ വരച്ചുകാട്ടാൻ ഈ കവിതക്ക് കഴിയുന്നു.

'ശിഹാബ്ക്കയോട് ചോദിക്കാം' എന്ന പംക്തി വളരെ ഉപകാരപ്രദമാണ്. മലയാള സാഹിത്യത്തിലെ പ്രമുഖരുമായി സംവദിക്കാൻ കുട്ടികൾക്ക് അവസരമൊരുക്കുന്ന മലർവാടിക്ക് അഭിനന്ദനങ്ങൾ നേരുന്നു.

റുഹ്മ ഫാത്തിമ
ക്ലാസ് - 9
ക്രസന്റ് ഹൈസ്കൂൾ, വാണിമേൽ



**നിങ്ങളുടെ കത്തുകൾ**
**മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12. കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.**